# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കാർഷിക ഗ്രാമവികസന ബാങ്കിന്റെ ഭരണസമിതി യോഗങ്ങൾ</u>

1277 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല ഇപ്പോൾ ആർക്കാണ്;

(ബി) പുതിയ സർക്കാർ അധികാരമേറ്റ ശേഷം ബാങ്ക് ഭരണസമിതി എത്രതവണ യോഗം ചേരുകയുണ്ടായി;

(സി) ബാങ്ക് പ്രസിഡന്റിന്റെ അറിവില്ലാതെ ചുമതലയിലുള്ള എം.ഡി. ഭരണ സമിതി യോഗങ്ങൾ വിളിച്ച് ചേർത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തീയതികളിൽ എന്നും പ്രസിഡന്റിന്റെ അറിവോടുകൂടി അല്ലാതെ, ഏതെങ്കിലും ഭരണസമിതി യോഗത്തിന്റെ അജണ്ട തയ്യാറാക്കുകയുണ്ടായോ എന്നും അറിയിക്കുമോ;

(ഡി) നിയമാനുസൃതമല്ലാതെ സഹകരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി നടത്തിയതായി ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഇന്ദിര ആവാസ് യോജന</u>

1278 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
'' കെ.എൻ. എ ഖാദർ
'' എൻ. ഷംസുദ്ദീൻ
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ചതെന്നും ഇതേവരെ എന്തു തുക കേന്ദ്രസർക്കാരിൽ നിന്നും ഇതിനായി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന്റെ പുരോഗതിയും, ഫിസിക്കൽ അച്ചീവ്മെന്റിന്റെ നിലവാരവും വിലയിരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തൊട്ടാകെ പ്രസ്തുത പദ്ധതി പ്രകാരം ഇതേവരെ എത്ര വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്; എത്ര വീടുകളുടെ പണി പൂർത്തിയാവാനുണ്ട്; എന്തു തുക ഇതേവരെ ചെലവഴിച്ചു; പൂർത്തിയാവാനുള്ള വീടുകളുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>

1279 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന കൂലി എത്രയാണ്;

(ബി) കേരളത്തിലെ കർഷകത്തൊഴിലാളികളുടെ മിനിമം കൂലിയേക്കാൾ കുറഞ്ഞ കൂലിയാണ് തൊഴിലുറപ്പു പദ്ധതിയിൽ നൽകിവരുന്നതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിലുറപ്പു പദ്ധതിയിൽ കർഷകത്തൊഴിലാളി മിനിമം കൂലിയായ 200/- രൂപ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി

1280 ശ്രീ. ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ;

(ബി) മുൻവർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ ഉണ്ടായ വീഴ്ചകളും ആരോപണങ്ങളും പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതി പുതിയ ഏതെല്ലാം മേഖലകളിൽകൂടി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പദ്ധതിപ്രകാരം ഇപ്പോൾ നൽകുന്ന വേതനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിൽ ചില പഞ്ചായത്തുകളിൽ അഴിമതി നടന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ജി) പ്രസ്തുത പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം കേരളത്തിന് അനുവദിച്ച തുക എത്ര?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1281 ശ്രീ. സി.പി. മുഹമ്മദ്
,, എ.റ്റി. ജോർജ്
,, അൻവർ സാദത്ത്
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ ഓരോ ജില്ലയിലും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ബി) കേന്ദ്രം അനുവദിച്ച സംഖ്യയിൽ എത്ര ശതമാനം ചെലവഴിച്ചു ;

(സി) തൊഴിലുറപ്പ് പദ്ധതിയുമായി കൃഷിയേയും ക്ഷീരോത്പാദനത്തേയും ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1282 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുതിയ മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ ഇവ നീക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതിയിൽ വരുത്തേണ്ട മാറ്റം</u>

1283 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' വി. ഡി. സതീശൻ
'' കെ. ശിവദാസൻ നായർ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ മാറ്റങ്ങൾ വരുത്തണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുളളത്;

(ഡി) ഇതു സംബന്ധിച്ച കേന്ദ്ര ഗവൺമെന്റ് നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1284 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇവർക്ക് ഓരോ പ്രവർത്തി ദിവസത്തിനും നൽകി വരുന്ന വേതനം എത്രയാണ് ;

(സി) വർദ്ധിച്ച വിലക്കയറ്റം നേരിടുന്ന സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം ഉയർത്തി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1285 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരെ നെൽകൃഷിയുമായി ബന്ധപ്പെടുത്തി പാടശേഖരങ്ങളിൽ നടീൽ മുതൽ കൊയ്ത്ത് വരെയുള്ള പണികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങൾ

1286 ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾ പ്രത്യേക സംഘടന രൂപീകരിക്കുവാൻ അനുവാദം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര തലത്തിലും, സംസ്ഥാന തലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപികരിക്കണമെന്നും ആ സമിതികളിൽ തൊഴിലാളി സംഘടനാ പ്രതിനിധികളെ അംഗങ്ങളാക്കിയിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സംഘടന രൂപീകരിക്കുന്നതിനും അതിൽ പ്രവർത്തിക്കുന്നതിനുമുള്ള വിലക്ക് ഏർപ്പെടുത്തുന്നതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ ക്രമക്കേടുകൾ

1287 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ചില സ്ഥലങ്ങളിൽ നിർമ്മാണം തീരുംമുമ്പ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കാൻ ശ്രമം നടന്നകാര്യം മാതൃകാ സോഷ്യൽ ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ;

(ബി) പരിശോധനക്കെത്തുന്ന സോഷ്യൽ ഓഡിറ്റ് സംഘത്തിനെതിരെ കയ്യേറ്റ ശ്രമം നടത്താനൊരുങ്ങിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ പദ്ധതി കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടി കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

(ഡി) മാതൃകാ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയോ; എങ്കിൽ റിപ്പോട്ട് ഇതിനകം സമർപ്പിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) തൊഴിൽ നിഷേധിക്കുന്നവരുടെ പരാതികൾ പലയിടത്തും രജിസ്റ്റർ ചെയ്യുന്നില്ലായെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതി അവലോകനത്തിൽ കണ്ടെത്തിയ ന്യൂനതകൾ</u>

1288 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എൻ.എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന തൊഴിലുറപ്പു പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവലോകനത്തിൽ കണ്ടെത്തിയ ന്യൂനതകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് തൊഴിലുറപ്പു പദ്ധതിയെ ഉപയോഗപ്പെടുത്തുന്നതിന്റെ വിശദ വിവരം ശേഖരിച്ചിട്ടുണ്ടോ;എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നൽകുന്ന വേതനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ഓരോ വർഷവും സംസ്ഥാനത്തിന് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദ വിവരവും, ചെലവഴിച്ച തുകയുടെ മേഖല തിരിച്ചുള്ള കണക്കും നൽകുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ നടന്ന ക്രമക്കേടുകൾ</u>

1289

ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകളെക്കുറിച്ച് പദ്ധതിയുടെ പ്രോഗ്രാം ഓഫീസർ അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ല എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഗ്രാമവികസന പദ്ധതികളുടെ മാനദണ്ഡം</u>

1290 ശ്രീ.മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗ്രാമവികസന പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനതാത്പര്യത്തിന് അനുസൃതമായി ക്രമീകരിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ;

(ബി) കേന്ദ്രമാനദണ്ഡം കാരണം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ എന്തൊക്കെ ശ്രമങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം കേന്ദ്ര മാനദണ്ഡം കാരണം മുടങ്ങിക്കിടക്കുന്ന എത്ര കോടി രൂപയുടെ ഗ്രാമവികസന പദ്ധതികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഗ്രാമവികസന പദ്ധതികളുടെ ശരിയായ മോണിട്ടറിംഗ്</u>

1291 ശ്രീ. എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ;

(ബി) ഗ്രാമവികസന പദ്ധതികളുടെ ശരിയായ മോണിറ്ററിംഗിന് നടപടി സ്വീകരിക്കുമോ ;

(സി) ഗ്രാമവികസനവും നഗരവത്ക്കരണവും തമ്മിൽ വേർതിരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഗ്രാമീണ തനിമകൾ നിലനിർത്തി ഗ്രാമവികസന പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

വി. ഇ.ഒ മാർക്ക് ഓഫീസ് സ്റ്റാഫിനെ നിയമിക്കാൻ നടപടി

1292 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഗ്രാമവികസന വകുപ്പിൽ എത്ര വി. ഇ.ഒമാർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ ഗ്രേഡ് ക, ഗ്രേഡ് കക തസ്തികകളിൽ എത്ര വീതമുണ്ട്;

(ബി) 2006 മുതൽ സർവ്വീസിൽ കയറിയ വി. ഇ.ഒ ഗ്രേഡ് കക മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകും;

(ഡി) ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ നല്ലൊരു പങ്കും നിർവ്വഹിക്കുന്ന വി. ഇ. ഒമാർക്ക് ഓഫീസ് സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ'

(ഇ) വി. ഇ.ഒ മാരുടെ അടിസ്ഥാനയോഗ്യതയും, ശമ്പള സ്കെയിലും ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>എക്സ്റ്റൻഷൻ ഓഫീസർ ഒഴിവുകൾ</u>

1293 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ആവശ്യത്തിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സത്വര നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ നിയമനം

1294 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്റ്റിൽ പറയുന്ന ബ്ലോക്ക്തല നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (ബി.പി.ഒ.) തസ്തികയിൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും നിലവിൽ നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ല എങ്കിൽ ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ബി.ഡി.ഒ. മാരിൽ നിന്നും പ്രമോഷൻ നൽകി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കയര്‍ മേഖലയുടെ പുരോഗതിക്കായി എം.എല്‍.ആര്‍.ഇ.ജി.എസ്. തൊഴിലാളികളെ ഉപയോഗപ്പെടുത്തല്‍</u>

1295 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എം.എല്‍.ആര്‍.ഇ.ജി.എസ്. പ്രകാരം തൊഴിലിനായി പേര് രജിസ്റ്റര്‍ ചെയ്തിട്ടുള്ള തൊഴിലാളികളെ ഇപ്പോള്‍ ഏതെല്ലാം തൊഴില്‍ മേഖലകളില്‍ ഉപയോഗപ്പെടുത്തുന്നു; ഇതുവഴി എത്ര തൊഴില്‍ ദിനങ്ങള്‍ കഴിഞ്ഞ 3 വര്‍ഷങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്;

(ബി) ഇതര തൊഴില്‍ മേഖലകളില്‍ കൂടി പ്രസ്തുത തൊഴിലാളികളെ ഉപയോഗപ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ഏത് മേഖലകളില്‍ ആണ് എന്ന് വ്യക്തമാക്കാമോ;

(സി) പരമ്പരാഗത മേഖലയായ കയര്‍ മേഖലയുടെ പുരോഗതിക്കായി പ്രസ്തുത വിഭാഗം തൊഴിലാളികളെ ഉപയോഗപ്പെടുത്താന്‍ എന്തെങ്കിലും പരിപാടികള്‍ നിര്‍ദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്</u>

1296 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പ് പദ്ധതി നടത്തിപ്പില്‍ ക്രമക്കേടുകള്‍ നടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിനും ക്രമക്കേടുകള്‍ തടയുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിക്കും; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പദ്ധതി നടത്തിപ്പിലെ നിബന്ധനകൾ</u>

1297 ശ്രീ. അൻവർ സാദത്ത്
,, വി.റ്റി. ബൽറാം
,, ബെന്നി ബെഹനാൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പദ്ധതി നടത്തിപ്പിൽ ആസൂത്രണ കമ്മീഷൻ എന്തെല്ലാം നിബന്ധനകളാണ് മുന്നോട്ട് വച്ചിട്ടുളളത്;

(ബി) പ്രസ്തുത നിബന്ധനകൾ നടപ്പാക്കുന്നതിനുളള ബുദ്ധിമുട്ട് കമ്മീഷനുമായി നടന്ന ചർച്ചയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായോ;

(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാണെന്ന് കമ്മീഷൻ സൂചിപ്പിക്കുകയുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടത്തിപ്പിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>വാർഷിക പദ്ധതികൾ</u>

1298 ശ്രീ. പി.സി. വിഷ്ണുനാഥ്
'' ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്
'' വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാർഷിക പദ്ധതികളിൽ എത്ര കോടി രൂപയുടെ അധിക പദ്ധതികളാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്;

(ബി) ഇവയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ എത്ര കോടി രൂപയുടേതാണ്, വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇങ്ങനെ അധികമായി ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളിലെ തുക മറ്റൊരു പദ്ധതിയ്ക്കായി വിനിയോഗിക്കുവാൻ സാധിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി</u>

1299 ശ്രീ. എം. എ. ബേബി
,, കെ. ടി. ജലീൽ
,, കെ. രാധാകൃഷ്ണൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) യുടെ സമീപന രേഖയ്ക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ പദ്ധതികളെ സംബന്ധിച്ച ചർച്ചകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പാല്‍വില വര്‍ദ്ധനവും കാലിത്തീറ്റ സബ്സിഡിയും</u>

1300 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാല്‍വില വര്‍ദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മില്‍മ കോടതിയെ സമീപിച്ച സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; ലിറ്ററിന് 5/- രൂപാ വില വര്‍ദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തില്‍ ക്ഷീര കര്‍ഷകന് ഈ തുകയില്‍ നിന്നും എത്ര രൂപ അധികമായി നല്‍കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) മില്‍മ നല്‍കിയിരുന്ന കാലിത്തീറ്റ സബ്സിഡി നിര്‍ത്തലാക്കിയ കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ക്ഷീര കര്‍ഷകര്‍ക്ക് ലഭിച്ചിരുന്ന പ്രസ്തുത ആനുകൂല്യം പുന:സ്ഥാപിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>'മിൽമ'' പാൽവില</u>

1301 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''മിൽമ''പാൽവില ലിറ്ററിന് എത്ര രൂപയാണ് വർദ്ധിപ്പച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ വർദ്ധിപ്പിച്ച തുകയിൽ നിന്ന് എത്ര രൂപ ക്ഷീര കർഷകർക്ക് നൽകുമെന്നാണ് പ്രഖ്യാപിച്ചത്;

(സി) നേരത്തെ ക്ഷീരകർഷകർക്ക് നൽകിയിരുന്ന ഇൻസെന്റീവ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ക്ഷീരകർഷകരെ ബാധിക്കുന്ന പ്രസ്തുത തീരുമാനം പുന:പരിശോധിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ഇറക്കുമതി ചെയ്യുന്ന പാലിന്റെ
ഗുണനിലവാരം

1302 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിത്യേന ചെക്ക് പോസ്റ്റുകളിലൂടെ എത്തിച്ചേരുന്ന പാൽ പരിശോധിക്കാൻ ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനാവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ സ്റ്റാഫിനെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ക്ഷീര മേഖലയിലെ പ്രതിസന്ധി</u>

1303 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിച്ച ഡോ. ഉണ്ണിത്താൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ ;

(ബി) പാൽ വില വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ഒരു വില നയം രൂപപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ക്ഷീര മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ക്ഷീരവ്യവസായ സംരക്ഷണത്തിന് നടപടി</u>

1304 ശ്രീ. എം. എ. വാഹീദ്
'' പി. സി. വഷ്ണുനാഥ്
'' അൻവർ സാദത്ത്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരവ്യവസായ സംരക്ഷണത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പാൽവില കൂടുമ്പോൾ കാലിത്തീറ്റയുടെയും അനുബന്ധസാധനങ്ങളുടെയും വില വർദ്ധിക്കുന്നതിനാൽ വിലകൂടുന്നതിന്റെ യഥാർത്ഥ ഗുണം ക്ഷീര കർഷകർക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനു പരിഹാരമായി തീറ്റപ്പുൽ കൃഷി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

പാൽ വില വർദ്ധനയുടെ ഭാഗമായി ക്ഷീരകർഷകന് നൽകുന്ന തുക

1305 ശ്രീ. എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ വില ലിറ്ററിന് 5 രൂപ വർദ്ധിപ്പിക്കാനുള്ള മിൽമയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ വർദ്ധനയാണോ ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെ തുടർന്ന് പൊറുതിമുട്ടുന്ന സാധാരണക്കാരെ ഇത് കുടുതൽ ബുദ്ധിമുട്ടിലേയ്ക്ക് നയിക്കും എന്ന കാര്യം സർക്കാരിനറിയാമോ ;

(സി) മിൽമ ഇപ്പോൾ ഉപഭോക്താവിൽ നിന്ന് ഈടാക്കുന്ന ഒരു ലിറ്റർ പാലിന്റെ വിലയിൽ നിന്ന് മിൽമ, ക്ഷീരകർഷകൻ തുടങ്ങി ഓരോ രംഗത്തും ചിലവാകുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ഇപ്പോഴത്തെ വർദ്ധനയുടെ ഭാഗമായി ക്ഷീരകർഷകന് നൽകുന്ന തുക എത്ര ; ഇതു സംബന്ധിച്ച് കോടതിയിൽ മിൽമ നൽകിയ സത്യവാങ്മൂലം എന്തായിരുന്നു ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. പദ്ധതി</u>

1306 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം ഫെയ്സ് 8 ൽ ഉൾപ്പെടുത്തി കെ. എസ്. ആർ. ആർ. ഡി. എ. യ്ക്ക് സമർപ്പിച്ച റോഡു നിർമ്മാണ പ്രവൃത്തികൾ എൻ. ആർ. ആർ. ഡി. എ. യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വെളിയനാട് ചമ്പക്കുളം ബ്ലോക്കുകളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ആലപ്പുഴ ജില്ലയുടെ പുതുക്കിയ കോർ നെറ്റ്വർക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഫെയ്സ് 7 ൽ ഉൾപ്പെട്ടതും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതുമായ പ്രസ്തുത ബ്ലോക്കുകളിലെ നിർമ്മാണ പ്രവൃത്തികൾ എൻ. ആർ. ആർ. ഡി. എ. യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ സമർപ്പിച്ച തീയതിയും ഫയൽ നമ്പരുമുൾപ്പെടെയുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>നൂറുദിന കർമ്മപരിപാടിയുടെ പരസ്യം</u>

1307 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ്ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഏതെല്ലാം വകുപ്പുകളാണ് പരസ്യം നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം പത്രങ്ങളിലും ചാനലുകളിലുമാണ് പരസ്യം നൽകിയതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പി.എം.ജി.എസ്.വൈ. പദ്ധതി</u>

1308 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ യിൽ കേരളത്തിൽ എത്ര റോഡുകൾ ഇതുവരെ അനുവദിച്ചിട്ടുണ്ട് ;

(ബി) എത്ര റോഡുകൾ പ്രവൃത്തി ആരംഭിക്കാൻ ബാക്കിയുണ്ട് ;

(സി) കേന്ദ്ര സർക്കാരിൽ അനുമതിക്കായി എത്ര റോഡുകളുടെ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത റോഡുകൾക്ക് എന്ന് അനുമതി ലഭിക്കുമെന്ന് അറിയാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ പദ്ധതി</u>

1309 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഏതൊക്കെ റോഡുകളാണ് പി. എം. ജി. എസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നെയ്യാറ്റിൻകര മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>വാർഷിക പദ്ധതികൾക്കുള്ള അനുമതി</u>

1310 ശ്രീ. സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് നടപ്പു സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വാർഷിക പദ്ധതികൾക്കാണ് ആസൂത്രണ കമ്മീഷൻ അനുമതി നൽകിയത് ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനം അധികം തുകയാണ് അടങ്കൽ ആയി അംഗീകരിച്ചത് ;

(സി) എതെല്ലാം മേഖലയ്ക്കാണ് വാർഷിക പദ്ധതികളിൽ ഊന്നൽ നൽകിയത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ആസൂത്രണ കമ്മീഷൻ സ്വീകരിച്ച നടപടികൾ

1311

ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ആസൂത്രണ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്;

(സി) ആസൂത്രണ കമ്മീഷൻ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ തുടർന്നുള്ള പ്രവർത്തനങ്ങളിൽ കണക്കിലെടുക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>വാർഷിക പദ്ധതിയിന്മേൽ സ്വീകരിച്ച നടപടി</u>

1312

ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതികൾക്ക് എത്ര കോടി രൂപയുടെ നിർദ്ദേശങ്ങളാണ് ആസൂത്രണ കമ്മീഷൻ അംഗീകരിക്കേണ്ടിയിരുന്നത്;

(ബി) ചില മേഖലകളിലെ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കണക്കിലെടുത്ത് കമ്മീഷൻ കൂടുതൽ തുകയുടെ പദ്ധതികൾ അംഗീകരിക്കുകയുണ്ടായോ;

(സി) ഏതെല്ലാം മേഖലകളിലാണ് ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകിയത്;

(ഡി) ഇതിനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതി</u>

1313 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കേന്ദ്രഫണ്ടുകൾ നേടിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാനം ഏറെ പിന്നിലായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യമനുസരിച്ച് കഴിയാവുന്നത്ര മാറ്റങ്ങൾ വരുത്തണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

കേന്ദ്രാവിഷ്കൃത പദ്ധതി

1314 ശ്രീ. കെ. ശിവദാസൻ നായർ
'' എം.എ. വാഹീദ്
'' പി.സി. വിഷ്ണുനാഥ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനു വകുപ്പുതല സംയാജനസാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ;

(സി) വിജയകരമായ പദ്ധതി നടത്തിപ്പിന് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) ആർക്കൊക്കെയാണ് സഹായങ്ങൾ നൽകാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ചേര്‍ത്തല മണ്ഡലത്തിലെ തണ്ണീര്‍മുക്കം, മുഹമ്മ, കഞ്ഞിക്കുഴി പഞ്ചായത്തുകളില്‍ കേന്ദ്രാവിഷ്കൃത പദ്ധതികള്‍</u>

1315 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ചേര്‍ത്തല മണ്ഡലത്തിലെ തണ്ണീര്‍മുക്കം, മുഹമ്മ, കഞ്ഞിക്കുഴി പഞ്ചായത്തുകളില്‍ കേന്ദ്രാവിഷ്കൃത പദ്ധതികള്‍ പ്രകാരം ഏതെല്ലാം റോഡുകളുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കാൻ നടപടി</u>

1316 ശ്രീ. വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിന് ആർക്കിയോളജി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഭാവി തലമുറയ്ക്ക് പ്രയോജനം ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ സ്കൂൾ കരിക്കുലത്തിൽ ആർക്കിയോളജിയെക്കുറിച്ച് വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കിയോളജി സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ശ്രമം നടത്തുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിനു വടക്കേ നടയ്ക്കു സമീപം നിർമ്മിച്ച പൈതൃക വീഥി</u>

1317 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന് വടക്കേ നടയ്ക്കു സമീപം നിർമ്മിച്ച പൈതൃക വീഥി തകർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാണ് പ്രസ്തുത വീഥിയുടെ നിർമ്മാണം നടത്തിയത് ;

(സി) ഏതു പദ്ധതിയിലെ ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചത് ;

(ഡി) പൈതൃക വീഥിയുടെ നിർമ്മാണത്തിന് എന്തെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പൈതൃക വീഥിയുടേയും നഗരത്തിലെ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന മറ്റു കോട്ടകളുടെയും പ്രൗഢി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>നിരഞ്ജന സ്മാരക ട്രസ്റ്റിന് സാമ്പത്തിക സഹായം</u>

1318 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ''നിരഞ്ജന സ്മാരക ട്രസ്റ്റിന്'' 2011-12 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത തുക ട്രസ്റ്റിന് ലഭ്യമാക്കുന്നതിലേക്കായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

രാജാരവിവര്‍മ്മ സ്മാരകം നിര്‍മ്മിക്കുന്നതിന് നടപടി

1319 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആറ്റിങ്ങല്‍ മണ്ഡലത്തില്‍ ഉള്‍പ്പെട്ട കിളിമാനൂര്‍ ഗ്രാമപഞ്ചായത്തില്‍ രാജാരവിവര്‍മ്മയുടെ ജന്മസ്ഥലത്ത് ഉചിതമായ ഒരു സ്മാരകം നിര്‍മ്മിക്കുന്നതിന് ലളിതകലാ അക്കാഡമി ഒരു പ്രോജക്ട് തയ്യാറാക്കി സമര്‍പ്പിച്ചിരുന്നുവോ; പ്രസ്തുത പ്രോജക്ട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) 2011-12 വര്‍ഷത്തിലെ ബഡ്ജറ്റില്‍ പ്രഖ്യാപിച്ചിട്ടുളള 10 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ പ്രവര്‍ത്തനം തുടങ്ങാനായി നീക്കി വെക്കുമോ; അല്ലാത്തപക്ഷം പുതിയ പദ്ധതിയ്ക്ക് രൂപം നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കിളിമാനൂരില്‍ നിലവിലുളള ഒന്നര ഏക്കര്‍ സ്ഥലത്ത് ഉചിതമായ സാംസ്കാരിക കേന്ദ്രം നിര്‍മ്മിക്കാന്‍ വേണ്ട നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ഈദുൽഫിത്തർ സർക്കാർ രേഖകളിൽ റംസാൻ എന്നു രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

1320 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറിയ പെരുന്നാൾ അഥവാ ഈദുൽ ഫിത്തറിനെ സർക്കാർ രേഖകളിൽ റംസാൻ എന്ന് രേഖപ്പെടുത്തുന്നതിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഇസ്ലാം മതപണ്ഡിതരുടെ അഭിപ്രായം തേടിയിട്ടുണ്ടോ;

(സി) എങ്കിൽ അവരുടെ അഭിപ്രായം എന്തായിരുന്നു;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

1321 ശ്രീ. എം.എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
പ്രൊഫ.സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി;

(സി) സാമ്പത്തിക ക്രമക്കേടുകളുടെ ഭാഗമായി ബാദ്ധ്യതകൾ ഉണ്ടാക്കിയ ഒരാളെ വീണ്ടും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നിയോഗിച്ചിട്ടുണ്ടോ;

(ഡി) 2008ലെ ധനവകുപ്പിന്റെ പരിശോധനയിൽ, കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമായിരുന്നു; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ നിയമനം</u>

1322 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി ഇപ്പോൾ നിയോഗിക്കപ്പെട്ട ശ്രീ. എം.ആർ. നമ്പാൻ, ഇതിനു മുമ്പും ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ ഏത് കാലയളവിൽ;

(ബി) പ്രസ്തുത കാലയളവിൽ, ധനവകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ പ്രസ്തുത വ്യക്തിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ എന്തെല്ലാമായിരുന്നു; അദ്ദേഹം അനധികൃതമായി പണം കൈവശം വെക്കുകയുണ്ടായോ; എങ്കിൽ എത്ര; അത് തിരിച്ചടക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) ക്രമക്കേടുകൾ നടത്തിയയാളെത്തന്നെ വീണ്ടും ഡയറക്ടറായി നിയോഗിക്കുകയുണ്ടായോ; എങ്കിൽ കാരണമെന്തായിരുന്നു?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ബുക്ക്മാർക്കിന്റെ പ്രവർത്തനങ്ങൾ

1323 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുക്ക്മാർക്കിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പുസ്തക പ്രസാധകർക്ക് ബുക്ക്മാർക്ക് നൽകുന്ന സഹകരണവും പ്രോത്സാഹനവും വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസാധകരിൽ നിന്നും പുസ്തകങ്ങൾ വിൽപ്പനയ്ക്ക് എടുക്കുമ്പോൾ ബുക്ക്മാർക്കും - പ്രസാധകരും തമ്മിലുള്ള കരാർ വ്യവസ്ഥകൾ എന്തെല്ലാം ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>വിശ്വസിച്ചാലും - ഇല്ലെങ്കിലും എന്ന ടി. വി. പരിപാടി</u>

1324 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഷ്യാനെറ്റ് ചാനൽ വിശ്വസിച്ചാലും - ഇല്ലെങ്കിലും എന്ന പേരിൽ സംപ്രേഷണം ചെയ്യുന്ന പരിപാടി അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നൂറനാട് കുഷ്ഠരോഗാശുപത്രിയിൽ മരിച്ചവരുടെ പ്രേതങ്ങൾ വാഹനാപകടമുണ്ടാക്കുന്നുവെന്ന് അവതരിപ്പിച്ചതിനെതിരെ നാട്ടിൽ പ്രതിഷേധമുയർന്നതിനെത്തുടർന്ന് അന്വേഷണം നടത്തിയിരുന്നോ;

(സി) തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന കായംകുളം -പുനലൂർ റോഡിൽ നിരവധി സ്ഥലങ്ങളിൽ അപകടങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണം ശാസ്ത്രീയ വീക്ഷണത്തോടെ സംസാരിച്ചവരുടെ അഭിപ്രായം ഉൾപ്പെടുത്താതെ വിശ്വാസയോഗ്യമല്ലാത്ത പ്രതികരണങ്ങൾ മാത്രം ഉൾപ്പെടുത്തിയവതരിപ്പിച്ച പ്രസ്തുത പരിപാടിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പാണ്ഡവൻപാറ സംരക്ഷിക്കുന്നതിന് നടപടി</u>

1325 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ പെരുങ്കടവിള പഞ്ചായത്തിൽ പാൽക്കുളങ്ങര എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നതും, ശിലായുഗസംസ്കാരത്തിന്റെ ബാക്കിപത്രവുമായ പാണ്ഡവൻപാറ സംരക്ഷിക്കുന്നതിന് നാളിതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

ഓയൂർ കൊച്ചു ഗോവിന്ദപ്പിള്ള ആശാൻ സ്മാരക നിർമ്മാണം

1326 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഥകളി ആചാര്യനായിരുന്ന ഓയൂർ കൊച്ചു ഗോവിന്ദപ്പിള്ള ആശാൻ സ്മാരകത്തിനായി കഴിഞ്ഞ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന 10 ലക്ഷം രൂപ 2011-12-ലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചടയമംഗലം നിയോജക മണ്ഡലത്തിലെ വെളിനെല്ലൂർ പഞ്ചായത്തിലെ നിർദ്ദിഷ്ട സ്മാരകത്തിനായി വാങ്ങിയിട്ടുള്ള വസ്തുവിൽ സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് പുറത്ത് ജോലിക്കായി പോകുന്ന സ്ത്രീകളുടെ സുരക്ഷ</u>

1327 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് ജോലിക്ക് സ്ത്രീകളെ കൊണ്ടുപോകുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കേരളത്തിൽ യു. എ. ഇ. കോൺസുലേറ്റ്</u>

1328 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ. കോൺസുലേറ്റ് കേരളത്തിൽ ആരംഭിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ ;

(ബി) ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങുന്നതിനുള്ള നടപടിക്രമം പൂർത്തിയായോ ; വിശദാംശം അറിയിക്കുമോ;

(സി) എവിടെയാണ് കോൺസുലേറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>എമിഗ്രേഷൻ ആക്ടിൽ പരിഷ്കാരം വരുത്തുവാൻ നടപടി</u>

1329

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്ന നിലവിലുള്ള എമിഗ്രേഷൻ ആക്ടിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുമോ;

(ബി) വിദേശ രാജ്യങ്ങളിൽ ഇന്ന് വന്നിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് അറ്റസ്റ്റഡ് സാലറി എഗ്രിമെന്റ് പോലുള്ള സുപ്രധാന നിബന്ധനകൾ അടങ്ങിയ എമിഗ്രേഷൻ അലോട്ട്മെന്റ് പേപ്പറിലുൾപ്പെടെ തൊഴിൽ - ശമ്പള സുരക്ഷിതത്വം ഉറപ്പാക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്ന കേരളീയരുടെ യാത്രാ ബുദ്ധിമുട്ടുകൾ</u>

1330 ഡോ. കെ. ടി.ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്ന കേരളീയരുടെ യാത്രാ ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) യാത്രാബാഗുകളിലും ലഗേജുകളിലുമുള്ള വിലപിടിപ്പുള്ള വസ്തുക്കൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു നിശ്ചിത ശമ്പളം ഉറപ്പാക്കാൻ നടപടി</u>

1331 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഒരു നിശ്ചിത ശമ്പളം ലഭിക്കത്തക്കവിധം നിയമം നിർമ്മിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ബി) ഫിലിപ്പയിൻസ് പോലുള്ള രാജ്യങ്ങളിൽ അവരുടെ എംബസി മറുനാടൻ തൊഴിലാളികൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതു പോലെ, ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിൽ കാലോചിതമായ പരിഷ്കാരം വരുത്തുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പ്രവാസി സംഗമം</u>

1332 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ പ്രവാസി സംഗമം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നാണ്;

(ബി) ഇതിന്റെ മുഖ്യ ഉദ്ദേശം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനുമുമ്പ് 'പ്രവാസി കേരളീയ സംഗമം' എന്ന് എവിടെ വച്ചാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പ്രവാസികളുടെ പ്രശ്നങ്ങൾ</u>

1333 ശ്രീ. പാലോട് രവി
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിലെയും ഗൾഫ് രാജ്യങ്ങളിലെയും വിവിധ മേഖലകളിൽ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത പ്രശ്നങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പരിഗണനയിൽ വരുന്നത് വൈകിപ്പോകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനായി പ്രവാസികളുടെ രക്ഷയ്ക്ക് കൺസൾട്ടന്റുമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

ഞ്ച കൺസൾട്ടന്റുമാരുടെ പ്രവർത്തന രീതി എപ്രകാരമായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമപദ്ധതികള്‍</u>

1334 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രവാസികള്‍ക്കായി സര്‍ക്കാര്‍ എന്തെങ്കിലും ക്ഷേമപദ്ധതികള്‍ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തില്‍ തിരികെ വന്ന നിര്‍ദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോര്‍ക്ക റൂട്ട്സ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം</u>

1335

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) നോർക്ക - റൂട്ട്സ് വഴി വിദേശത്തേക്കുള്ള റിക്രൂട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനും അനധികൃത റിക്രൂട്ട്മെന്റുകളെ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസി ക്ഷേമനിധി വഴി ഇപ്പോൾ നൽകി വരുന്ന ആനുകൂ
ല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ഡി) നിലവിലുള്ള ധനസഹായ പദ്ധതികൾ മുഖേനയുള്ള തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>നോര്‍ക്ക വകുപ്പ് നടപ്പിലാക്കിയ പദ്ധതികള്‍</u>

1336 ശ്രീ. പി.സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാന്‍
,, എ.റ്റി. ജോര്‍ജ്
,, പി.എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ 100 ദിന കര്‍മ്മ പരിപാടിയില്‍ ഉള്‍പ്പെടുത്തി നോര്‍ക്ക വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ ;

(ബി) പ്രവാസികള്‍ക്ക് ക്ഷേമ നിധിയില്‍ നിന്നും പെന്‍ഷന്‍ നല്‍കുന്ന പദ്ധതി എന്നുമുതല്‍ക്കാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) പെന്‍ഷന്‍ ലഭിക്കുന്നതിനുള്ള വ്യവസ്ഥകള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) നോര്‍ക്കയുടെ സെന്ററുകള്‍ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ ; ഇല്ല എങ്കില്‍ അതിന് നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>സി. ഡിറ്റിൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതും പ്രൊമോഷൻ നൽകുന്നതും സംബന്ധിച്ച്</u>

1337 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ഡിറ്റിൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതും പ്രൊമോഷൻ നൽകുന്നതും സംബന്ധിച്ച് റൂൾസ് നിലവിലുണ്ടോ; പ്രസ്തുത റൂൾസിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സി. ഡിറ്റിൽ പുതുതായി എത്ര നിയമനങ്ങൾ നടക്കുകയുണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ കാലയളവിൽ തസ്തിക പുനർനിർണ്ണയിച്ചുകൊണ്ട് സി. ഡിറ്റ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് എത്രപേരുടെ തസ്തിക പുനർനിർണ്ണയം നടത്തുകയുണ്ടായി; ഇത്തരത്തിൽ തസ്തിക പുനർനിർണ്ണയം നടത്തിയവരിൽ ആരെങ്കിലും ഇപ്പോഴത്തെ ഏതെങ്കിലും മന്ത്രിയുടെയോ, മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെയോ ബന്ധുക്കളാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പരസ്യ ചെലവു സംബന്ധിച്ച് നടപടി</u>

1338 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 സെപ്റ്റംബർ 15 വരെ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയും, സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകൾ വഴിയും നൽകപ്പെട്ട പരസ്യങ്ങൾക്ക് ചെലവായ മൊത്തം തുക എത്രയാണെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ;

(ബി) മുൻ സർക്കാർ അധികാരത്തിൽ വന്ന് 2006 മെയ് 18 മുതൽ 2006 സെപ്റ്റംബർ 15 വരെ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയും, സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകൾ വഴിയും നൽകപ്പെട്ട പരസ്യങ്ങൾക്ക് ചെലവായ മൊത്തം തുക എത്രയാണെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

നൂറുദിന പരിപാടിയുടെ പരസ്യപ്രചരണം

1339 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി ഏതെല്ലാം ദൃശ്യ,ശ്രാവ്യ, പ്രിന്റിംഗ്, മീഡിയകൾക്ക് എത്ര തവണ വിതം ഏതെല്ലാം പദ്ധതികളുടെ പ്രചരണത്തിനായി എത്ര രൂപയുടെ പരസ്യം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനായി മൊത്തം എത്ര തുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) നൂറുദിന പരിപാടിയുടെ ഭാഗമായി പി.ആർ.ഡി.മുഖേനയല്ലാതെ എത്ര രൂപയുടെ പരസ്യം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?